(എ) കൃഷിവകുപ്പിന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള വിവിധ പദ്ധതികളിലായി ഗവൺമെന്റിന് വമ്പിച്ച നഷ്ടമുണ്ടായിട്ടുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കായംകുളം, പരവൂർ തുടങ്ങിയ സ്ഥലങ്ങളിലെ കായൽ റിക്ലമേഷൻ പദ്ധതികളുടെ നടത്തിപ്പിലുണ്ടായ പരാജയവും അപാകതകളും നിമിത്തം ഗവൺമെന്റിനു വമ്പിച്ച നഷ്ടം ഉണ്ടായിട്ടുണ്ടെന്ന പരാതി കണക്കിലെടുത്ത് ഒരന്വേഷണം നടത്തുമോ?

ജലസേചനവും കൃഷിയും മന്ത്രി (ശ്രീ. ഒ. കോരൻ): (എ) കായംകുളം കായൽ കൃഷിയുടെ നടത്തിപ്പിൽ ചില ക്രമക്കേടുകളും തൻമൂലം നഷ്ടവുമുണ്ടായിട്ടുണ്ടെന്നുള്ള പരാതി ഒഴികെ മറ്റ് യാതൊരു പരാതികളും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കായംകുളം കായൽ റിക്ലമേഷൻ പദ്ധതി പ്രവർത്തനത്തിലുള്ള ചില അപാകതകളെപ്പറ്റി പരാതികിട്ടിയിരുന്നതനുസരിച്ച് ഒരന്വേഷണം നടത്തിവരികയാണ്.

(സി) പരവൂർ കായൽ റിക്ലമേഷൻ പദ്ധതിയെക്കുറിച്ച് യാതൊരു പരാതികളും കിട്ടിയിട്ടില്ല.

ശ്രീ. എസ്. ദാമോദരൻ: ഗവൺമെന്റിൽനിന്നും നേരിട്ട് കൃഷി നടത്തുന്ന കായംകുളം കായലിലെ കൃഷി നഷ്ടമായി നടത്താൻ ഇടയായിട്ടുള്ളത് കൃഷി നഷ്ടമാണെന്ന് വരുത്തിയിട്ട് കർഷകത്തൊഴിലാളികളുടെ അവകാശങ്ങളെ നിഷേധിക്കുന്നതിന്വേണ്ടിയുള്ള ഒരു അവസരം കൃഷിക്കാർക്ക് ഉണ്ടാക്കിക്കൊടുക്കുന്നതിന് വേണ്ടിയാണോ?

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: കായംകുളം കായലിൽ കഴിഞ്ഞ വർഷം ഏതാണ്ട് 25 ശതമാനത്തോളം ഭാഗം യാതൊരു കൃഷിയും ചെയ്യാതെ കൃഷിചെയ്യുന്നതിന് യാതൊരു ശ്രമവും നടത്താതെ തരിശിട്ടിരുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതിന് ഉത്തരവാദികളെ ആരാണെന്ന് അന്വേഷിച്ച് ആവശ്യമായ നടപടികളും സ്വീകരിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. ഒ. കോരൻ: അന്വേഷിച്ച് വേണ്ട നടപടികളും കൈക്കൊള്ളുന്നതായിരിക്കും.

ശങ്കരൻ കമ്മീഷൻ റിപ്പോർട്ട്

* 41 (148) ശ്രീ. സി. കെ. രാജൻ:
,, എ. വി. ആര്യൻ
,, ടി. കെ. രാമകൃഷ്ണൻ:
,, വി. ശ്രീധരൻ
,, പി. ജി. പുരുഷോത്തമൻ പിള്ള
,, എം. കെ. എ. ഹമീദ്
,, പി. പി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിലെ അഴിമതികളെക്കുറിച്ചുള്ള ശങ്കരൻ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ട് എത്ര നാളുകളായി;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അഴിമതിക്കു വിധേയരായിട്ടുള്ള ഉദ്യോഗസ്ഥൻമാരെ രക്ഷിക്കുന്നതിനും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതിനും വേണ്ടിയുള്ള ഒരു നീക്കം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായെന്നറിയുന്നത് ശരിയാണോ;

(ഡി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും കൺട്രാക്ടർമാരുടെ പേരിൽ നടപടി കൈക്കൊള്ളുവാൻ തീരുമാനിച്ചിട്ടുണ്ടോ?

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ):

(എ) 1–1–1969–ൽ ഗവൺമെന്റിന് റിപ്പോർട്ട് കിട്ടി.

(ബി) ഉണ്ട്.

(സി) ശരിയല്ല.

(ഡി) ഇല്ല.

ശ്രീ. എ. വി. ആര്യൻ: ഇലക്ട്രിസിറ്റി ബോർഡിന്റെ കൈവശമുണ്ടായിരുന്ന ഒരു എയർകംപ്രസർ അടുത്തകാലത്ത് വിറ്റിട്ടുണ്ടോ? ഉണ്ടെങ്കിൽ ആ യന്ത്രം വാങ്ങിക്കുന്ന കാലത്ത് അതിന്റെ വിലയെന്തായിരുന്നു. എന്തു വിലയ്ക്കാണ് വിറ്റത് ?

ശ്രീ. പി. രവീന്ദ്രൻ: സർ, ഇത് ശങ്കരൻ കമ്മീഷനെക്കുറിച്ചുള്ള ചോദ്യമാണ്. മറ്റേ ചോദ്യത്തിന് ഉത്തരം പറയാൻ സാദ്ധ്യമല്ല.

ശ്രീ. എ. വി. ആര്യൻ: സർ, ഇത് ഇലക്ട്രിസിറ്റി ബോർഡിൽ നടന്ന അഴിമതിയെക്കുറിച്ചുള്ള ചോദ്യമാണ്. ഇലക്ട്രിസിറ്റി ബോർഡിൽ വളരെ വിലപിടിപ്പുള്ളതായ എയർ കംപ്രസർ അടുത്തകാലത്ത് ഗവൺമെന്റ് വിറ്റിട്ടുണ്ടോ? ഇത് ഒരു അഴിമതിയാണെന്നുള്ള രീതിയിൽ പത്രത്തിലെല്ലാം വന്നതാണ്. അതിനെ സംബന്ധിച്ചാണ് ഞാൻ ചോദിച്ചത്.

മി. സ്പീക്കർ: ഇലക്ട്രിസിറ്റി ബോർഡിലെ അഴിമതികളെക്കുറിച്ചുള്ള ശങ്കരൻ കമ്മിഷൻ റിപ്പോർട്ട് എന്നാണ് പറയുന്നത്. ഈ ചോദ്യം പ്രസക്തമല്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൺട്രാക്ടർമാരുടെ പേരിൽ നടപടിയെടുത്തിട്ടില്ലെന്നു പറഞ്ഞു. കൺട്രാക്ടർമാർ ഉഴപ്പെടെയുള്ള നിരവധി അഴിമതികളും ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇടുക്കിയുടെ ചാനൽ പണിക്ക് ആദ്യം ടെൻഡർ വച്ച വി. കെ. കുര്യൻ കമ്പനി ആ പണി നടത്താതിരുന്നതിനെ തുടർന്ന് പി. എൽ. ജോർജിനെ ആ പണി ഏൽപ്പിച്ചുകൊടുക്കുകയും ആ ഇനത്തിൽ 11 ലക്ഷം ഉറുപ്പികയുടെ നഷ്ടം വന്നിട്ടുണ്ടെന്നും ഈ റിപ്പോർട്ടിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഇതുപോലെ കോൺട്രാക്ടർമാർ യഥാസമയം പണി നടത്താത്തതിനെത്തുടർന്ന് വന്നിട്ടുള്ള നഷ്ടത്തിന് ഒട്ടേറെ ഉദാഹരണങ്ങളുണ്ട്. ഈ കാര്യങ്ങളിൽ വ്യക്തമായ ഒരു നിർദ്ദേശം ഉണ്ടായിട്ടും എന്തുകൊണ്ട് മുൻ പറഞ്ഞ കാൺട്രാക്ടർമാരുടെ പേരിൽ നടപടിയെടുക്കുന്നതിന് തീരുമാനമെടുത്തില്ല എന്നുള്ളതിന് ദയവായി ഒരു വിശദീകരണം തരാമോ?

ശ്രീ. പി. രവീന്ദ്രൻ: ഇലക്ട്രിസിറ്റി ബോർഡിൽ നഷ്ടമുണ്ടാക്കിയതിന്റെ ഉത്തരവാദികളും ഏതേതു ഉദ്യോഗസ്ഥൻമാരാണെന്ന് ആദ്യം പറഞ്ഞിട്ടുണ്ട്. ആ ഉദ്യോഗസ്ഥൻമാരിൽനിന്നും നഷ്ടം ഈടാക്കുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

നടപടി സ്വീകരിക്കണമെന്നും കമ്മീഷൻ ശുപാർശ ചെയ്തിരുന്നു. ആ ശുപാർശകളെല്ലാം അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശാനുസരണം സ്വീകരിക്കുകയും അവരുടെമേൽ നടപടിനടത്തി സിവിൽസ്യൂട്ട് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഉദ്യോഗസ്ഥൻമാരുടെ കാര്യം മനസ്സിലായി. അവരെ രക്ഷിച്ചു. അതിരിക്കട്ടെ. കൺട്രാക്ടർമാർ വ്യവസ്ഥ ലംഘിച്ച് യഥാസമയം പണിനടത്താതിരുന്നു എന്നുള്ള വ്യക്തമായ ആരോപണമുണ്ട്. എന്തുകൊണ്ട് ആ കോൺട്രാക്ടർമാരുടെ പേരിൽ നടപടിയെടുത്തില്ലെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. രവീന്ദ്രൻ: ഉദ്യോഗസ്ഥൻമാരെ രക്ഷിച്ചു എന്ന ചോദ്യത്തിന്റെ ആദ്യഭാഗത്തുള്ള കാര്യം ഞാൻ നിഷേധിക്കുന്നു. എല്ലാ ഉദ്യോഗസ്ഥൻമാരുടെ പേരിലും കമ്മീഷൻ ശുപാർശഅനുസരിച്ചുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഒരൊറ്റ ആളിനെപ്പോലും നടപടിക്ക് വിധേയരാകാതെ വിട്ടിട്ടില്ല. കോൺട്രാക്ട് ശരിയായി നടക്കാതിരുന്നതുമൂലവും യഥാസമയം പ്രവൃത്തി നടക്കാതിരുന്നതുമൂലവുമുള്ള നഷ്ടം ഈടാക്കുന്നത് സംബന്ധിച്ച് കമ്മീഷൻ ശുപാർശ ചെയ്തിരുന്ന രീതിയിൽ ആവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്. കാൺട്രാക്ടർമാരെ പ്രത്യേകമായി ബ്ലാക്ക്ലിസ്റ്റ് ചെയ്തിട്ടില്ല.

ശ്രീ. വി. ശ്രീധരൻ: സർ, ഈ ചോദ്യത്തിലെ ബി—വിഭാഗത്തിന് ഉത്തരം പറഞ്ഞപ്പോഴും ഉണ്ട് എന്നു പറഞ്ഞു. ഉണ്ട് എന്നു പറഞ്ഞത് എന്തെല്ലാമാണെന്ന് പറയാമോ?

ശ്രീ. പി. രവീന്ദ്രൻ: പറയാം: കമ്മീഷന്റെ മിക്കവാറും എല്ലാ ശുപാർശകളും ഗവൺമെന്റു് സ്വീകരിച്ചിട്ടുണ്ട്. അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശാനുസരണം കുറ്റക്കാരെന്നുകണ്ട ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി നടത്തുന്നതിന് ബോർഡിന് ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ട്. ശ്രീ. രങ്കനാഥൻ, ശ്രീ. വൈദ്യനാഥയ്യർ ഈ രണ്ടു ഉദ്യോഗസ്ഥൻമാരുടെയും പേരിൽ നടപടി നടത്തണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തിരുന്നു. അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശാനുസരണം ആ രണ്ടു ഉദ്യോഗസ്ഥൻമാരുടെ പേരിലും നടപടി നടത്തുന്നതിന് ബോർഡിന് നിർദ്ദേശം നൽകുകയുണ്ടായി. ശ്രീ രങ്കനാഥന്റെ പേരിൽ സിവിൽ സ്യൂട്ട് ഫയൽ ചെയ്യുന്നതിനും പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്ട് അനുസരിച്ച് നടപടി നടത്തുന്നതിനും ബോർഡിന നിർദ്ദേശം നൽകിയിട്ടുണ്ട്. ശ്രീ. വൈദ്യനാഥയ്യരുടെ പേരിലും അഡ്വക്കേറ്റ് ജനറലുമായി ആലോചിച്ച് ഡിസിപ്ലിനറി ആക്ഷൻ എടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ശ്രീ. ആർ. പി. നായരെ സംബന്ധിച്ചാണെങ്കിൽ കമ്മീഷൻ തന്നെ പറയുന്നത് അനുസരിച്ച് ആണെങ്കിൽ അദ്ദേഹത്തെ മാറ്റണമെന്നാണ്. അഡ്വക്കേറ്റ് ജനറലിനും അതെ അഭിപ്രായം തന്നെയാണ്. പക്ഷേ ശ്രീ. ആർ. പി. നായരെ ചെയർമാൻ സ്ഥാനത്തുനിന്നും മാറ്റേണ്ടയാവശ്യം ഉണ്ടായില്ല. അതിനു മുൻപു തന്നെ അദ്ദേഹം രാജിവച്ച് പോകുകയുണ്ടായി. അത് അദ്ദേഹത്തെ രക്ഷിക്കാവൻ വേണ്ടി ചെയ്തതല്ല. ഗവൺമെന്റ് ചെയ്യേണ്ടിയിരുന്നത് അദ്ദേഹത്തെ മാറ്റുക എന്നുള്ളതാണ്. അദ്ദേഹം തന്നെ മാറിപ്പോയതുകൊണ്ട് അതിനു നടപടി എടുക്കേണ്ടി വന്നില്ല. കുറ്റക്കാരെന്നു കമ്മീഷൻ ചൂണ്ടിക്കാണിച്ചിരുന്ന ഉദ്യോഗസ്ഥൻമാരുടെയെല്ലാം പേരിൽ ആവശ്യമായ നടപടികളെടുത്തിട്ടുണ്ട്. ആരെയും ഗവൺമെന്റ് രക്ഷിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഈ നിയമസഭ തീരുമാനിച്ചതനുസരിച്ചും ഗവൺമെൻറ് ഓർഡർ അനുസരിച്ചും കമ്മീഷൻ ഓഫ് എൻക്വയറി ആക്ട് അനുസരിച്ച് അന്വേഷണത്തിലിരിക്കുന്ന ഒരു കാര്യം ഇവിടെ ഡിസ്ക്കസ് ചെയ്യുന്നത് എൻക്വയറി കമ്മീഷനെ ബാധിക്കുകയില്ലെ?

Mr. Speaker: Order, order. Such matters should not be discussed here.

Shri E. Chandrasekharan Nair: There should not be discussion on the subject in the Assembly.

Shri C. B. Chandrasekhara Warrier: We are only trying to elicit facts without any aspersion.

മി. സ്പീക്കർ: ഓർഡർ, ഇതിനെ സംബന്ധിച്ച് ഉള്ള ഗവൺമെൻറിന്റെ ആധികാരികമായ പ്രസ്താവനയും തീരുമാനവുമൊക്കെയാണ് ഇവിടെ പറഞ്ഞത്. അത് എൻക്വയറി കമ്മീഷനെ ബാധിക്കുമെന്നു പറയുന്നതിലും കാര്യമുണ്ട്. അല്ലെന്നു പറയുന്നതു ശരിയല്ല.

Shri C. B. Chandrasekhara Warrier: We want the information about the steps taken.

ശ്രീ. എം. കെ. എ. ഹമീദ് : ശങ്കരൻ കമ്മീഷൻ റിപ്പോർട്ടിന്റെ അവസാന ഭാഗത്ത് ഭാവിയിൽ ഇലക്ട്രിസിറ്റി ബോർഡിൽ അഴിമതികൾ നടത്താതിരിക്കുന്നതിനു വേണ്ടി ചില നിർദ്ദേശങ്ങൾ ഒക്കെ സമർപ്പിച്ചിരുന്നു. ആ നിർദ്ദേശങ്ങൾ ഗവൺമെൻറ് പരിഗണിച്ചിട്ടുണ്ടോ? പരിഗണിച്ചിട്ടുണ്ടെങ്കിൽ ആ കാര്യത്തിൽ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ : ഗവൺമെൻറ് ആ ശുപാർശകൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. തീരുമാനമൊന്നും എടുത്തിട്ടില്ല.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി എടുക്കുന്നതിന് നിർദ്ദേശം നൽകിയെന്നു പറഞ്ഞു. എന്നാണ് ആ നിർദ്ദേശം നൽകിയതെന്നു പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. പി. രവീന്ദ്രൻ: കൃത്യമായ ഡേറ്റ് എനിയ്ക്ക് ഓർമ്മയില്ല. എതായാലും ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനു ശേഷമാണ്.

ശ്രീ. എ. വി. ആര്യൻ: ശങ്കരൻ കമ്മീഷൻ റിപ്പോർട്ടിൽ ഉള്ളതായ ആരോപണം വന്നിട്ടുള്ള ചില ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി എടുക്കണമെന്നാണ് ആലോചിച്ചത്. ആ ഉദ്യോഗസ്ഥൻമാർ പെൻഷൻ പറ്റിയതായി ഈ അസംബ്ലിയിൽത്തന്നെ മന്ത്രി ഉത്തരം പറഞ്ഞിട്ടുണ്ട്. ഒരാളിന് പെൻഷൻ അനുവദിക്കുന്ന അവസരത്തിൽ അയാളുടെ എല്ലാ ആസ്തി ബാധ്യതകളും എത്രയെന്നു നോക്കണം. അങ്ങനെ നോക്കാതെ പെൻഷൻ അനുവദിച്ചതിന് എന്തെങ്കിലും കാരണമുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: അങ്ങനെ നോക്കാതെ ഈ കേസിൽ ഉൾപ്പെട്ട ഒരു ഉദ്യോഗസ്ഥനും പെൻഷൻ കൊടുത്തിട്ടില്ല. സർവ്വീസിൽ നിന്നു റിട്ടയർ ചെയ്തു എന്നുള്ളതുകൊണ്ട് നടപടി എടുക്കുന്നതിന് തടസ്സമില്ല. റിട്ടയർ ചെയ്തിരുന്നാലും നടപടി എടുക്കുവാൻ കഴിയും. ആവിധത്തിലാണ് നടപടി എടുക്കുവാൻ തീരുമാനിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ: ശങ്കരൻ കമ്മീഷൻ റിപ്പോർട്ടനുസരിച്ച് ബോർഡിൽ ഉണ്ടായിട്ടുള്ള അനേഷണത്തിന് സിവിൽ സ്യൂട്ടുകൊടുക്കുവാൻ നിർദ്ദേശം കൊടുത്തുവെന്നു പറഞ്ഞു. ഏതെല്ലാം ഉദ്യോഗസ്ഥൻമാരുടെ മേൽ ഇങ്ങനെ സിവിൽ കേസ് അടിസ്ഥാനത്തിലുള്ള നടപടി എടുക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്? ഏതെല്ലാം ഉദ്യോഗസ്ഥൻമാരുടെ പേരിൽ? എത്ര തുകയ്ക്ക് ആണ്?

ശ്രീ. പി. രവീന്ദ്രൻ: തുകയൊന്നും ഇപ്പോഴം പറയുവാൻ നിവൃത്തിയില്ല. എങ്കിലും സിവിൽ സ്യൂട്ട് ഫയൽ ചെയ്യുവാൻ ഓർഡർ കൊടുത്തിട്ടുള്ളത് ശ്രീ രംഗനാഥനെ എതിരായിട്ടാണ്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ശ്രീ. രങ്കനാഥന്റെ പേരിൽ പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്ടനുസരിച്ച് നടപടി എടുക്കുന്നതിന് നിർദ്ദേശം കൊടുത്തു. വൈദ്യനാഥയ്യരുടെ മേൽ ഡിസിപ്ലിനറി ആക്ഷൻ എടുക്കുവാൻ നിർദ്ദേശം കൊടുത്തു. രണ്ടു രീതിയിൽ നടപടിസ്വീകരിച്ചതിന്റെ കാരണം വ്യക്തമാക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: അവരുടെ പേരിൽ ഉള്ള ആരോപണങ്ങളുടെ സ്വഭാവത്തെ അടിസ്ഥാനപ്പെടുത്തിയാണ്. അഡ്വക്കേറ്റു ജനറലുമായി ആലോചിച്ച് ചെയ്യണമെന്നാണ് നിർദ്ദേശം കൊടുത്തിട്ടുള്ളത്. അഡ്വക്കേറ്റു ജനറൽ കൂടുതൽ നടപടി എടുക്കുവാൻ തീരുമാനിച്ചാൽ അപ്രകാരം നടപടി എടുക്കും.

ശ്രീ. കെ. കരുണാകരൻ: ഇലക്ട്രിസിറ്റി ബോർഡിന്റെ കീഴിൽ ഉള്ള ഉദ്യോഗസ്ഥൻമാർ തമ്മിലുള്ള ധാരണയുടെ പേരിൽ ആണെന്ന് പലപ്പോഴും ആക്ഷേപം ഉണ്ടായിട്ടുണ്ട്. സിവിൽ സ്യൂട്ട് ഫയൽ ചെയ്യുന്ന അവസരത്തിൽ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കത്തതിന്റെ പേരിൽ പലപ്പോഴും ഇലക്ട്രിസിറ്റി ബോർഡിന് നഷ്ടം വന്നിട്ടുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: ശ്രദ്ധയിൽപ്പെട്ടാൽ അത് പരിഗണിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: (ബി) യുടെ ഉത്തരമായിട്ട് നടപടി എടുത്തിട്ടുണ്ടെന്നു പറഞ്ഞു. എടുത്തിട്ടുള്ള നടപടികളുടെ വിശദാംശങ്ങളടങ്ങുന്ന ഒരു സ്റ്റേറ്റുമെന്റ് അസംബ്ലിയുടെ മേശപ്പുറത്തു വയ്ക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പി. രവീന്ദ്രൻ: എടുക്കുന്ന നടപടികളുടെ വിവരങ്ങം സഭയ്ക്കു നൽകുന്നതിന് വിരോധമൊന്നുമില്ല.

ശ്രീ. എം. കെ. ദിവാകരൻ: ശങ്കരൻ കമ്മീഷൻ റിപ്പോർട്ടനുസരിച്ച് കൺട്രാക്ടർമാരുടെ മേൽ നടപടി എടുത്തിട്ടുണ്ടോ? ഏതെല്ലാം കൺട്രാക്ടർമാരുടെ പേരിൽ നടപടി എടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്?

(ഉത്തരം പറഞ്ഞില്ല)

LIBRARY ARCHIVES Kerala Legislative Assembly